**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6707** **11-07-2024 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക നിയമനങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കാൻ സർക്കാർ ഉത്തരവോ നിർദേശമോ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇല്ല |
| (ബി) | എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപകക്ഷാമം അനുഭവപ്പെടുന്നതുകൊണ്ട് മലബാറിലെ പ്ലസ് വൺ, പ്ലസ് ടു ക്ലാസുകൾ കൃത്യമായി നടക്കുന്നില്ല എന്നത് വസ്തുതയാണോ; ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സ്ഥിര അധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിച്ച് കൃത്യമായി ക്ലാസുകൾ നൽകുന്നുണ്ട്. |
| (സി) | കഴിഞ്ഞ മൂന്ന് അദ്ധ്യയന വർഷങ്ങളിൽ സംസ്ഥാനത്തെ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ നടന്ന അദ്ധ്യാപക നിയമനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | ഇന്റർവ്യൂ ബോർഡിൽ സർക്കാർ പ്രതിനിധിയെ ലഭ്യമാക്കാത്തതിനാൽ നിലവിൽ ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനം നടക്കാത്ത വിദ്യാലയങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാമോ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ